LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട മന്ത്രിയാണല്ലോ ഇന്ന് സഭയിൽ പിച്ചാത്തിക്കുട്ടപ്പന്റെ കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് വാഴനാരാണെന്ന് പറഞ്ഞപ്പോൾ കെ.പി.സി.സി. ജനറൽ സെക്രട്ടറി അത് പറഞ്ഞയാൾക്ക് ഇറച്ചി വെട്ടുകാരന്റെ സ്വഭാവമാണെന്ന് ഒരു പ്രസ്താവന വായിച്ചുകേട്ടു. അങ്ങനെ തിരുവനന്തപുരത്ത് സ്ഥിരമായി കേൾക്കുന്ന കാര്യം എന്ന നിലയിൽ ഇതിന് എന്താണ് ഒരു പരിഹാരമെന്ന് അങ്ങ് നിർദ്ദേശിക്കാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് നാലാം ലോകത്തുള്ള വിദഗ്ധരെക്കൊണ്ട് പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാൻ പറ്റും. താത്വികമായ പഠനം വേണ്ടിവരും. വികലാംഗരാണ് ഈ മേഖലയിൽ കൂടുതലായി സ്വയം തൊഴിൽ കണ്ടെത്തിക്കൊണ്ട്, ജീവിത മാർഗ്ഗം സ്വീകരിക്കുന്നത്. ഈ വർഷത്തെ കണക്കനുസരിച്ച് വരുമ്പോൾ അറുപതിനായിരം ബൂത്തുകാരുടെ എണ്ണം എഴുപത്തയ്യായിരം കടന്നിരിക്കും. കാരണം ഓരോ വർഷവും പത്തു ശതമാനം വർദ്ധനവുണ്ട്. എനിക്ക് തന്നിട്ടുള്ള ആധികാരികമായ രേഖയിൽ പറയുന്നത് റൂറൽ അർബൺ ഏരിയയിൽ 20% വും റൂറൽ ഏരിയയിൽ 25% വുമാണ് വർദ്ധനവ് എന്നാണ്. ഓരോ ലോക്കൽ കാളിനും നാൽപ്പത് പൈസയാണ് അവരുടെ കമ്മീഷൻ. അത് കൂടാതെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ അർബൺ ഏരിയയിൽ രണ്ടു രൂപയും റൂറൽ ഏരിയയിൽ ഒരു രൂപയും വച്ച് 100 കിലോമീറ്ററിന് പുറത്തുള്ള കാളുകൾക്ക് ഈടാക്കാമെന്നുള്ളതാണ് ഇവർക്ക് ആകെയുള്ള പരിരക്ഷ. ഇതു മാത്രം കൊണ്ട് പ്രസ്ഥാനങ്ങൾ നിലനിൽക്കുകയില്ല. ഇത് നിലനിർത്തേണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ ആധാരമാണ്. നമ്മുടെ മാറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും ഉതകുന്ന ഈ പ്രസ്ഥാനങ്ങളെ നിലനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനും വേണ്ടി പ്രത്യേകമായ വ്യവസ്ഥകൾ കൈത്തൊഴിൽ വ്യവസ്ഥ ബില്ലിലായാലും, Shops and Establishment Act ആയാലും കൊള്ളാം, അവർക്ക് വേണ്ടിയുള്ള ഒരു പ്രത്യേക ഭാഗം .....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, നിങ്ങൾക്ക് അനുവദിച്ച സമയം കഴിഞ്ഞു Your time is over. Are you concluding today ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: No

മി. ഡെപ്യൂട്ടി സ്പീക്കർ You can continue next time.

(ചർച്ച തുടരും)

(5) 2003-ലെ കേരള സിദ്ധ മർമ്മ (പാരമ്പര്യ സംഘം) ചികിൽസാ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2003-ലെ കേരള സിദ്ധമർമ്മ (പാരമ്പര്യ സംഘം) ചികിൽസാ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട പ്രതാപന്റെ ബില്ലിനെ വീണ്ടും എതിർക്കേണ്ടിവന്നിരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. മർമ്മം നോക്കി കൊടുക്കുകയാണെങ്കിൽ ബിൽ അംഗീകരിക്കേണ്ടിവരുമായിരുന്നു. ഇവിടെ മെമ്പർ പറഞ്ഞ ഒരു കാര്യം എടുത്തു പറയാൻ ആഗ്രഹിക്കുന്നു. മെമ്പർമാർ ഇത്തരം ബില്ലുകൾ കൊണ്ടുവരുമ്പോൾ അതിൽ ഉന്നയിക്കുന്ന ആശയങ്ങൾ അംഗീകരിക്കപ്പെടും എന്നുള്ളതുകൊണ്ടുതന്നെ ഇവിടെ അദ്ദേഹം 'പിച്ചാത്തിക്കുട്ടപ്പൻ' എന്ന പ്രയോഗം പിൻവലിക്കേണ്ടതാണ്. ജൈവ വൈവിധ്യത്തിനുള്ള ബോർഡ് രൂപീകരിച്ചതിൽ അദ്ദേഹം കൊണ്ടുവന്ന ബില്ലുകൂടി പ്രേരകമായിരുന്നു എന്നു പറഞ്ഞു. പ്രതാപന് പിച്ചാത്തി കാണുമ്പോൾ പേടിയുണ്ട്. അത് പഴയ കഥയാണ്. ഇവിടെ പറയാൻ കൊള്ളില്ല. 1953-ലെ Travancore Cochin Medical Practitioners' Act - ന്റെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വിവിധ വൈദ്യശാഖകളിൽ പ്രവർത്തിച്ചുവരുന്ന ആളുകൾക്ക് നിയമപരമായി അംഗീകാരം നൽകുന്നത്. ഈ വ്യവസ്ഥകളൊന്നും തന്നെ പാരമ്പര്യ ചികിൽസാരീതികൾ കൈകാര്യം ചെയ്യുന്നവർക്ക് നിയമ സാധുത നൽകുന്നില്ല. എങ്കിലും പാരമ്പര്യ വൈദ്യം കൈകാര്യം ചെയ്യുന്ന വളരെയേറെപ്പേർ ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു എന്നുള്ളതാണ് വസ്തുത. നിലവിലുള്ള നിയമപ്രകാരം ഇവരുടെ പ്രവർത്തനങ്ങളൊന്നും നിയമപരമായി സാധുതയുള്ളതല്ല. പാരമ്പര്യ ചികിൽസാ രീതി പ്രാക്ടീസ് ചെയ്യുന്നതിന് അംഗീകൃത യോഗ്യതയും രജിസ്ട്രേഷനും അനിവാര്യമാണ്. ഇതൊന്നും ഇല്ലാതെയാണ് പലരും പാരമ്പര്യ വൈദ്യം പ്രയോഗിച്ചു വരുന്നത്. പാരമ്പര്യ വൈദ്യശാഖയിൽ പ്രവർത്തിച്ചുവരുന്ന പ്രമുഖരുടെ കഴിവുകളും സിദ്ധികളും അംഗീകരിക്കപ്പെടണമെന്ന ഉദ്ദേശത്തോടെ 1996 മുതൽ സർക്കാർ ഭാഗത്തുനിന്നും ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുന്നതിനുമുമ്പ് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയും നമുക്ക് ആവശ്യമാണ്. 1996-ലെ Kerala Medical Practitioners' Bill മുൻകൂർ അനുമതി കാത്ത് ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന് അനുമതി കിട്ടി സംസ്ഥാന നിയമസഭ നിയമം ആക്കുന്നതോടെ മാത്രമേ ഈ കാര്യത്തിൽ തുടർന്ന് എന്തെങ്കിലും നടപടിക്ക് സാധ്യമാകൂ. ഈ പശ്ചാത്തലത്തിലാണ് ശ്രീ. തമ്പാന്റെ ബില്ലിനെ എതിർക്കാൻ നിർബന്ധിതനായത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അങ്ങ് നല്ലൊരു മർമ്മാണി എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. വളരെ സാദ്ധ്യതയുള്ള ഒരു ബില്ലാണ്. ഞാൻ കഴിഞ്ഞ 6,7 വർഷങ്ങളായി സിദ്ധ ചികിൽസ നടത്തിക്കൊണ്ടിരിക്കുന്ന ആളാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാക്കൊല്ലവും ഈ ചികിത്സ നടത്താറുണ്ട്. ഇപ്പോൾ തന്നെ നമ്മുടെ ഒരു മന്ത്രി ഈ ചികിത്സ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിയമസഭയിൽ അംഗങ്ങളായ പലരും സിദ്ധ മർമ്മ ചികിൽസ യഥാവിധി നിർവഹിച്ച് അതിന്റെ സുഖവും ഗുണവും അനുഭവിച്ചു പോന്നവരാണ്. എന്നിട്ടും അവർ ഇത് പരിഗണിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അവർക്ക് ലൈസൻസ് കൊടുക്കാൻ പറയണം. അത് പറയുന്നില്ലല്ലോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അത് പറയാം സർ. വേങ്കാ മരത്തിൽ നിന്ന് വീണ് ബോധഹീനനായി കിടന്ന വേടനെ ഉണർത്താൻ പരമശിവൻ പ്രയോഗിച്ച വിദ്യ പിന്നീട് അദ്ദേഹത്തിന്റെ ഭാര്യ പാർവതിക്ക് ഉപദേശിച്ചുകൊടുത്തു. പാർവതി അത് മുരുകനും മുരുകൻ അത് അഗസ്ത്യമുനിക്കും അഗസ്ത്യമുനി 18 സിദ്ധൻമാർക്കും ആ വിദ്യ ഉപദേശിച്ചു കൊടുത്തു. എല്ലാ വിദ്യയും എന്നപോലെ സിദ്ധ ചികിൽസയും മർമ്മ വിദ്യയും കളരിവിദ്യയും ശിവനിൽനിന്ന് ഉണ്ടായതായാണ് സങ്കൽപ്പം. 18 പേരാണ് സിദ്ധൻമാരുടെ കൂട്ടത്തിൽ അറിയപ്പെടുന്നത്. അഗസ്ത്യർ, ദ്രോഹർ, രാമദേവർ, കാലാംഗിനാഥൻ, പുലിപ്പാണി, ചട്ടമുനി, മച്ചമുനി, വ്യോമർഷി, ഇടൈക്കാട്ടാർ, സുന്ദരാണ്ടവർ, അകപ്പേയി, സിദ്ധർ, തിരുമൂലർ, പേരയ്യർ, പാമ്പാട്ട് സിദ്ധർ, ദ്യുതിമുനി, കൊങ്കണവർ, പദഞ്ജലി എന്നിവരാണ് ആ സിദ്ധവൈദ്യശാഖയിലെ കൂട്ടർ. സിദ്ധം എന്നുവച്ചാൽ അനിവാര്യമായ അഷ്ടൈശ്വര്യ സിദ്ധിയുള്ളവർ എന്നാണ് അർത്ഥം. അഷ്ടൈശ്വര്യങ്ങൾ എന്നു വച്ചാൽ അണിമാവ്, മഹിമാവ്, ലഘിമാവ്, ഗരിമാവ്, ഈശ്വത്വം, വശിത്വം, പ്രാപ്തി, പ്രാകാശ്യം എന്നിവയാണ് അഷ്ടൈശ്വര്യങ്ങൾ. ആര്യ ദ്രാവിഡ കാലം മുതൽ നിലനിന്ന അഷ്ടാംഗ ഹൃദയ വ്യാഖ്യാനം ദ്രാവിഡരുടെ ഇടയിൽ നിലനിന്നതും മുനിമാരാൽ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിരുന്ന ആരോഗ്യ ശാസ്ത്രത്തെ സിദ്ധ മർമ്മ ചികിൽസ എന്ന് നാമകരണം ചെയ്യാവുന്നതാണ്. ഈ സിദ്ധ മർമ്മ ചികിൽസ അനേകം മുനിമാരിലൂടെ തലമുറകളിലേയ്ക്ക് പകർന്ന് പ്രചരിക്കുകയാണ്. ആഗ്രഹിക്കുന്ന എന്തും പ്രദാനം ചെയ്യുന്ന ഒന്നിനെയാണ് സിദ്ധം എന്ന് വിശേഷിപ്പിക്കുന്നത്. 'ചിത്തം പഠിച്ചിരിപ്പോനെ സിദ്ധർ' എന്നും 'ദേശമെല്ലാം ശിവമന്ത്രം എന്നറിവോൻ സിദ്ധർ' എന്നും പറയാറുണ്ട്. ശിവയോഗി കൾക്ക് മാത്രമേ സിദ്ധമർമ്മ ശാസ്ത്രം കൈകാര്യം ചെയ്യാൻ അർഹതയുള്ളു. ''ശരമറിന്തോൻ, വരമറിന്തോൻ പാക്കിനത്തോൻ, പലതും കേട്ടോൻ , വരവറിന്തോൻ കരവറിന്തോൻ ഉടപ്പെ കണ്ടോൻ തരയറിതു, കൊറിയറിതു കണ്ടകച്ചി കാശിനിയിൽ ശിവയോഗി എന്നിരിപ്പോർ'' അതീവ സങ്കീർണ്ണമായ സമസ്യ നിറഞ്ഞതാണ്. സമസ്യകളുടെ പൊരുളും പരിഹാരവും തേടി മനുഷ്യന്റെ യാത്ര ചരിത്രാതീത കാലം മുതൽ ആരംഭിച്ചു എന്നു പറയുന്നു. പ്രപഞ്ചത്തിലെ സ്ഥൂലതയിൽ നിന്ന് സൂക്ഷ്മരഹസ്യങ്ങളിലേയ്ക്ക് ഇറങ്ങിയ ദ്രാവിഡ മുനിമാർ മനുഷ്യരാശിക്കുവേണ്ടി സംഭാവന ചെയ്ത അമൂല്യ സമ്പത്താണ് സിദ്ധ മർമ്മ ചികിൽസ. അണ്ഡത്തിലുള്ളത് പിണ്ഡത്തിലുണ്ടെന്നും, പിണ്ഡത്തിലുള്ളത് അണ്ഡത്തിലുണ്ടെന്നുമുള്ള പ്രപഞ്ചത്തിന്റെ ഈ പൊരുൾ അവർ മനസ്സിലാക്കി.

മി. ഡെപ്യൂട്ടി സ്പീക്കർ : അവർ മുഴുവൻ പട്ടിണിയിലാണെന്നുള്ളത് അറിയാമോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അതുകൊണ്ടാണ് അവർക്ക് ക്ഷേമനിധി വേണമെന്ന് പറയുന്നത്. മർമ്മം തന്നെയാണ് ജീവൻ. മനുഷ്യ ശരീരത്തിൽ ഈ മർമ്മം സ്ഥിതി ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് ഇപ്പോഴല്ല പിന്നീട് പറയാം. You can continue next time.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly